64 (620) കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കശുവണ്ടി വ്യവസായം ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തെങ്കിലും പുതിയ നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) തോട്ടണ്ടിയുടെ ദൗർലഭ്യമാണ് ഈ വ്യവസായം നേരിടുന്ന മുഖ്യപ്രശ്നം. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി ലഭ്യമാകുന്ന തരിശുഭൂമിയിൽ കശുമാവു കൃഷി ചെയ്യുന്ന ഒരു പദ്ധതി കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനേയും കാപ്പക്സിനെയും പുനർജീവിപ്പിക്കുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ ഈ സർക്കാർ നൽകുന്നുണ്ട്. അതിന്റെ ഭാഗമായി കശുവണ്ടി വികസന കോർപ്പറേഷന് ഇതുവരെ 133 കോടിയോളം രൂപയുടെയും (ഇതിൽ നാല് കോടി രൂപ കോർപ്പറേഷൻ ഏറ്റെടുത്ത ഫാക്ടറികളിലെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന്) കാപ്പെക്സിന് 23 കോടിയോളം രൂപയുടെയും സാമ്പത്തിക സഹായം നൽകി. ഇതിന്റെയൊക്കെ ഫലമായി പരമാവധി തോട്ടണ്ടി ആഭ്യന്തര വിപണിയിലൂടെയും ഇറക്കുമതിയിലൂടെയും സംഭരിച്ച് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഉല്പാദനശേഷിയുള്ള കശുമാവ് വച്ചുപിടിപ്പിക്കുന്നതിനും കേന്ദ്രസഹായത്തോടെ കൃഷി വകുപ്പും നടപടി സ്വീകരിക്കുന്നുണ്ട്.

65 (621) കശുവണ്ടി തൊഴിലാളി ക്ഷേമം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും, സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇപ്പോൾ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവയുടെ കീഴിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(സി) അവർക്ക് 1996 മുതൽ ഓരോ വർഷവും എത്ര ദിവസം വീതം ജോലി ലഭിക്കുകയുണ്ടായിട്ടുണ്ട്;

(ഡി) ഇതേ കാലയളവിൽ ഈ സ്ഥാപനങ്ങൾ സംസ്ഥാനത്തു നിന്നും എത്ര തോട്ടണ്ടി സംഭരിച്ചു. എത്ര ഇറക്കുമതി ചെയ്തു. എന്നറിയിക്കുമോ;

(ഇ) ഈ സ്ഥാപനങ്ങളുടെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തന പുരോഗതിയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ കെ. എസ്.സി.ഡി.സി., കാപ്പക്സ് ഇവയിലെ കശുവണ്ടി തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമം ലക്ഷ്യമാക്കി അവർക്ക് കൂടുതൽ ദിവസം ജോലി ഉറപ്പുവരുത്തുന്നതിലേക്ക് സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:-

(1) ഗവണ്മെന്റ് തലത്തിൽ ബാങ്കുകളുമായി ചർച്ച നടത്തി അവയുടെ വായ്പാ പരിധി ഉയർത്തുകയും തന്മൂലം അധികപ്രവർത്തനമൂലധനം കശുവണ്ടി വികസന കോർപ്പറേഷന് ലഭ്യമാക്കാനും സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോർപ്പറേഷന് 133 കോടിയോളം രൂപയും, കാപ്പെക്സിന് 23 കോടിയോളം രൂപയും നൽകിയിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി മേൽസ്ഥാപനങ്ങൾക്ക് ആഭ്യന്തര വിപണിയുടെയും ഇറക്കുമതിയിലൂടെയും കൂടുതൽ തോട്ടണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

2) കാപ്പെക്സ്, കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവയുടെ നവീകരണത്തിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനും പദ്ധതിയിനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുന്നുണ്ട്. ഇതിലൂടെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുവാൻവേണ്ട നടപടികൾ ടി സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന താഴെപറയുന്ന സഹായങ്ങളും നൽകുന്നു.

1) കശുവണ്ടിത്തൊഴിലാളികളുടെ പ്രതിമാസ പെൻഷൻ 100/- രൂപയിൽ നിന്ന് 125/- രൂപയായി വർദ്ധിപ്പിച്ചു.

2) കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി നിലവിൽ വരുന്നതിന് മുൻപ് സർവ്വീസിൽനിന്ന് പിരിഞ്ഞ അർഹരായ എല്ലാ തൊഴിലാളികൾക്കും പെൻഷൻ അനുവദിച്ചു.

3) ക്ഷേമനിധി അംഗമോ, പെൻഷണറോ മരണമടഞ്ഞാൽ യഥാക്രമം 1000 രൂപയും 500 രൂപയും ശവസംസ്ക്കാര സഹായമായി നൽകുന്നു.

4) വിവാഹധനസഹായം 1000 രൂപയും പ്രസവാനുകൂല്യമായി 1000 രൂപയും നൽകുന്നു.

5) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് പ്രതിവർഷം എക്സ്ഗ്രേഷ്യാ സഹായമായി 250 രൂപ നൽകുന്നു.

(ബി) കാപ്പെക്സിൽ 5188 തൊഴിലാളികളും, കശുവണ്ടി വികസന കോർപ്പറേഷനിൽ 21,269 ജീവനക്കാരും പണിയെടുക്കുന്നു.

(സി) കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നിവിടങ്ങളിൽ 1996 മുതൽ നൽകിയ തൊഴിൽ ദിനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വർഷം	കാപ്പെക്സ്	കെ.എസ്.സി.ഡി.സി
1996	40	18
1997	81	60
1998	40	80
1999	117	123

(ഡി) കശുവണ്ടി വികസന കോർപ്പറേഷൻ-സംസ്ഥാനത്തിനകത്തു നിന്നും സംഭരിച്ച തോട്ടണ്ടി

വർഷം	അളവ്
1996	3392 മെ. ടൺ

LIBRARY ARCHIVES Kerala Legislative Assembly

1997	2182 മെ. ടൺ
1998	853 മെ. ടൺ
1999	1284 മെ. ടൺ

ഇറക്കുമതി

1996	4408 മെ. ടൺ
1997	9427 മെ. ടൺ
1998	13595 മെ. ടൺ
1999	14605.697 മെ. ടൺ

കാപ്പെക്സ് സംസ്ഥാനകത്തുനിന്നും സംഭരിച്ചത്

1996	190.138 മെ. ടൺ
1997	907.793 മെ. ടൺ
1998	1309.09 മെ. ടൺ
1999	2075 മെ. ടൺ

ഇറക്കുമതി

1998	1500 മെ. ടൺ
1999	1430 മെ. ടൺ

(ഇ) കശുവണ്ടി വികസന കോർപ്പറേഷൻ. 1995-ൽ കമ്പനിക്ക് 13 ദിവസം ജോലി പ്രദാനം ചെയ്യാനേ കഴിഞ്ഞിരുന്നുള്ളു. എന്നാൽ 1996-ൽ 18 ദിവസവും 1997-ൽ 60 ദിവസവും, 1998-ൽ 80 ദിവസവും 1999-ൽ നവംബർ 30 വരെ 123 ദിവസവും ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്. 1994-95 സാമ്പത്തിക വർഷം കമ്പനിയുടെ നഷ്ടം 2163.24 ലക്ഷമായിരുന്നത് 1998-99 ൽ 178 ലക്ഷമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും 21.99 കോടി ചെലവു പ്രതീക്ഷിക്കുന്ന ഒരു സമഗ്രപദ്ധതി തയ്യാറാക്കി അത് നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ലഭ്യമാക്കുന്ന തരിശുഭൂമിയിൽ കശുമാവ്കൃഷി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും കോർപ്പറേഷൻ കൈക്കൊണ്ടിട്ടുണ്ട്.

കാപ്പെക്സ്

1996-ൽ തൊഴിലാളികൾക്ക് 40 ദിവസവും 97-ൽ 81 ദിവസവും 98-ൽ 40 ദിവസവും 1999-ൽ 117 ദിവസവും ജോലി നൽകിയിട്ടുണ്ട്. കാപ്പെക്സിന്റെ നവീകരണപ്രവർത്തനങ്ങൾക്കായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

66 (622) കാപ്പെക്സ് എം.ഡി.യുടെ യാത്രപ്പടി

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും, സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly